Reg. No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew, M. A. *Managing Editor:* B. Wellington B. A.

പുസ്തകം 12 | ലക്കം 51 | 1965 ഫെബ്രുവരി 22 തിങ്കൾ, തൃശ്ശൂർ | വില 4 നയാപൈസ | പേജ് 2

കേരളവർമ്മയുടെ 120-ാം ജന്മവാർഷികം

(പി. ടി ഐ) തിരുവനന്തപുരം ഫെ: 21
കേരളവർമ്മവലിയ കോയിത്തമ്പുരാന്റെ 120 ാം ജന്മവാർഷികം ഇന്നിവിടെയാഘോഷിച്ചിരിക്കുന്നു. നഗരത്തിലെ പ്രമുഖ സാഹിത്യകാരന്മാർ ആഘോഷങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

'തൊഴിലാളി' വരിസംഖ്യ ഇങ്ങനെ

	പോസ്റ്റേജ് വഴി	വരാന്തപ്പത്രിപ്പ് പോസ്റ്റേജ് വഴി
ഒരു കൊല്ലത്തേയ്ക്ക്	27-00	6-00
രണ്ടാണ്ടത്തേയ്ക്ക്	13-50	3-00
മൂന്നാണ്ടത്തേയ്ക്ക്	6-75	1-50
ആജീവനാന്തവരി (ഒരു മാസത്തേയ്ക്ക്)		
വരാന്തപ്പത്രിപ്പ് മാത്രം		2-10
ഓഫീസുകൾ	99 7	99-10

ഓരോ ലക്ക

കശുവണ്ടി വ്യവസായം കുഴപ്പത്തിൽ

ഇറക്കുമതികളിന്മേൽ പത്തു ശതമാനം ഡ്യൂട്ടി ചുമത്തിയതിന്റെ ഫലം

1 ലക്ഷം തൊഴിലാളികൾ കഷ്ടപ്പാടിലേക്ക്

(പി ടി ഐ) കൊല്ലം, ഫെ 21

കശുവണ്ടി അണ്ടിക്കും ഇറക്കുമതികളിന്മേൽ പത്തു ശതമാനം കസ്റ്റംസ് ഡ്യൂട്ടി ചുമത്തിയതിന്റെ ഫലമായി കശുവണ്ടിവ്യവസായം തകരാറിലായിരിക്കുന്നു. ഇതിനെത്തുടർന്ന് ഒരു ലക്ഷത്തോളം തൊഴിലാളികൾ പട്ടിണിയിലായിരിക്കുന്നു.

കശുവണ്ടി വ്യവസായം ഇപ്പോൾ നിശ്ചലാവസ്ഥയിലാണെന്ന് കാഷ്യൂ അസോസിയേഷന്റെ ഒരു വക്താവ് പറഞ്ഞു. 45000 ടൺ കശുവണ്ടി വന്നു കിടപ്പുണ്ട്. പുതിയ നികുതികൊടുത്തു് അതു തുടർന്നുള്ള വ്യവസായികൾക്ക് സാദ്ധ്യമല്ലാത്ത ഒരു നില വന്നിരിക്കുന്നു. കരാറുകാരെ അന്വേഷിച്ച് 12 കോളി ഉരപ്പിക്കുള്ള കശുവണ്ടിക്കയറ്റി അയയ്ക്കേണ്ടതുണ്ട്. ഇതു നികുതി വിദേശരാജ്യങ്ങളുടെ ഉപഭോക്താക്കളിൽ കെട്ടിവയ്ക്കുവാനോ അല്ലെങ്കിൽ വാങ്ങുന്ന കശുവണ്ടിക്കുള്ള വിലയിൽ അഡ്ജസ്റ്റ് ചെയ്യുവാനോ കഴിയുന്ന ഒരു നിലയിലാണ് ഇപ്പോൾ ഫാക്ടറി ഉടമകൾ. ഇതു് ഗുരുതരമായ വിഷമങ്ങൾക്ക് വഴി വെച്ചിട്ടുണ്ടെന്ന് വക്താവ് പറഞ്ഞു.

ആഫ്രിക്കൻ വ്യവസായികളുമായി ഒരു കൂട്ടുത്തരവാദിത്തമുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി അസോസിയേഷൻ പറഞ്ഞു. ഇതിനുവേണ്ടി ഒരു പ്രതിനിധി സംഘം ഉടൻ ആഫ്രിക്കയിലേക്കു പോകുന്നുണ്ട്.

കശുവണ്ടി വ്യവസായത്തിന്റെ ഇന്നത്തെ ഗുരുതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി കൊല്ലത്തെ വ്യവസായികളുടെ ഒരു യോഗം ഇന്നു രാവിലെ കൂടുന്നുണ്ട്.

ഭാഷാപ്രശ്നം— ഉന്നതതല ചർച്ച

(പി ടി ഐ) ന്യൂഡൽഹി, ഫെ 21

ഭാഷാപ്രശ്നം ഇന്നലെ ഉന്നതതലത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

ഫെ. 23, 24 തീയതികളിൽ കൂടുന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിന്റെ അജണ്ടയിൽ ഭാഷാപ്രശ്നത്തെ സംബന്ധിക്കുന്ന ഒരു പ്രമേയം ഉൾപ്പെടുത്തിയിട്ടുണ്ട്. ചർച്ചകൾ നടന്നതു്. മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഭാഷാ നയത്തിന്റെ നിയമപരവും, ഭരണപരവുമായ എല്ലാ വശങ്ങളും സംബന്ധിച്ചും പരിഗണിക്കുന്നതാണ്.

ഫെബ്രുവരി 22നു് കോൺഗ്രസ്സ് പ്രവർത്തകസമിതിയും ചേരുന്നുണ്ട്.

ഇന്നലെ നടന്ന ചർച്ചകളിൽ നിന്നു് വ്യക്തമായ അഭിപ്രായ നിർദ്ദേശവും ഉരുത്തിരിഞ്ഞിട്ടില്ല.

.....

പാക്കിസ്ഥാനിലേക്ക് പോയ ശത്രുഭഗന്മാർ തിരിച്ചുവരുന്നു

പി. ടി. ഐ ഷില്ലോങ്ങ് ഫെ 21

കഴിഞ്ഞകാലയളവിൽ കിഴക്കൻ പാക്കിസ്ഥാനിലേക്ക് കടന്ന ശത്രുഭഗന്മാരിൽ മിക്കവരും വീണ്ടും ഇന്ത്യൻ അതിർത്തിയിലേക്ക് തിരിച്ചുവരുന്നതിനെപ്പറ്റി റിപ്പോർട്ടുചെയ്യപ്പെടുന്നു.

ഇന്ത്യയിലേക്ക് കടക്കുവാൻ ശ്രമിക്കുന്ന ശത്രുഭഗന്മാരെ തടയുവാൻ അതിർത്തികളിൽ രക്ഷാഭടന്മാരെ ഉയർത്തിപ്പെടുത്തിയിട്ടുണ്ട്.

രഹസ്യനീക പരിശീലനത്തിനും, അട്ടിമറിപ്രവർത്തനങ്ങൾക്കും വേണ്ടിയാണു് ശത്രുഭഗന്മാരെ പാക്കിസ്ഥാൻ പറഞ്ഞയയ്ക്കുന്നതെന്നു് രാജസ്ഥാൻ ഗവണ്മെന്റു് ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നു. ഒരുദ്യോഗിക സമ്മേളനങ്ങളിലും ചടങ്ങുകളിലും പ്രസംഗങ്ങളും ഫിൽമിയിലാകണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.

എല്ലാം ഫിൽമിയിലാക്കി

ജയ്പൂർ, ഫെ. 20

അവധി അപേക്ഷയും ഫയലുകളിൽ അഭിപ്രായമെഴുതലും എഴുത്തുകുത്തുകളും ശബ്ദബഹുലമില്ലാതെയും എല്ലാ ഒദ്യോഗികകാര്യങ്ങളും ഫിൽമിയിൽമാത്രമേ നടത്താവൂ എന്നു് രാജസ്ഥാൻ ഗവണ്മെന്റു് ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നു. ഒദ്യോഗിക സമ്മേളനങ്ങളിലും ചടങ്ങുകളിലും പ്രസംഗങ്ങളും ഫിൽമിയിലാകണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.

ത്യാഗി രാജിവെക്കുന്നില്ല

(പി ടി ഐ) ന്യൂഡൽഹി. ഫെ 21

ഔദ്യോഗികമോഷ്ടാപ്രശ്നത്തിന്റെ പേരിൽ താൻ കോൺഗ്രസ്സിൽനിന്നും, മന്ത്രിസഭയിൽനിന്നും രാജിവെക്കണമെന്നുള്ള വാദം പുനരുദ്ധരിക്കുന്നതിനെ മഹാവീർത്യാഗി നിഷേധിച്ചിരിക്കുന്നു.

'വാടകക്കാരാണ് വീട്ടിൽനിന്നൊഴിയുക; ഉടമകളല്ല' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോൺഗ്രസ്സുമായുള്ള തന്റെ ബന്ധം 45 കൊല്ലത്തോളം നീണ്ടതാണ്. അതൊരു വിശുദ്ധ വിവാഹമാണ്. ആ ബന്ധം തനിക്കഭിമാനമാണ്. കോൺഗ്രസ്സിനെ കുഴിയടമെന്നു് അദ്ദേഹം പോലും പറഞ്ഞിട്ടില്ല. മോഷ്ടാപ്രശ്നത്തെ സംബന്ധിക്കുന്ന മന്ത്രിസഭയുടെ നയവുമായി താൻ പൂർണ്ണമായും സഹകരിച്ചിരുന്നുവെന്നും, തങ്ങൾ കൂട്ടായി ആവിഷ്കരിച്ച നയമാണതെന്നും അദ്ദേഹം പറഞ്ഞു.

.....

ഡോൺ കാർട്ടൂൺ ഇന്ത്യ പ്രതിഷേധിച്ചു

പി. ടി. ഐ. കറാച്ചി, ഫെ 21

പാക്കിസ്ഥാൻ പത്രങ്ങളും, റേഡിയോയും നടത്തുന്ന ഇന്ത്യാ വിരുദ്ധ പ്രചരണത്തിൽ ഇവിടത്തെ ഇന്ത്യൻ ഹൈക്കമ്മീഷൻ ശക്തിയായ പ്രതിഷേധം പ്രകടിപ്പിച്ചിരിക്കുന്നു. പ്രതിഷേധക്കുറിപ്പ് പാക്ക് വിദേശകാര്യാലയത്തിനു നൽകപ്പെട്ടു.

കാശ്മീർപ്രശ്നം ഒരു വൈകാരികപ്രശ്നമാണെന്നുള്ള അമേരിക്കൻ ഉദ്യോഗസ്ഥൻ ടാൽബോട്ടിന്റെ പ്രസ്താവനയെ പാശ്ചാത്യലോകത്തിക്കൊണ്ട് ഇന്നലെ ഡോൺ പ്രസിദ്ധീകരിച്ച ഒരു കാർട്ടൂണും പ്രതിഷേധത്തിനു വിധേയമായി.

പ്രധാനമന്ത്രി ശാസ്ത്രി ഒരു വലിയമേനി (ഇന്ത്യ) കമ്പനിടച്ചുകിടക്കുന്ന ഒരു പെൺകുട്ടിയുടെ (കാശ്മീർ) മുടിക്കു പിടിച്ചു വലിക്കുന്നതാണ് കാർട്ടൂൺ. കാർട്ടൂണിനു് കൊടുത്തിരിക്കുന്ന പേരു് 'കലത്തെയുഗത്തിലെ ഡോൺക്വിക്സോട്ട്' എന്നാണു്.

ഇന്ത്യ-നേപ്പാൾ സാമ്പത്തിക സഹകരണം വളരുന്നു

ന്യൂഡൽഹി ഫെ. 20

പുരോഗമിയ കാലയളവിൽ വിവിധരംഗങ്ങളിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെക്കുറിച്ച് നേപ്പാളിലെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ ഭാരത് ദർശൻ പ്രദർശനം വളരെയധികം സഹായിച്ചിട്ടുണ്ടെന്ന് നേപ്പാൾ പ്രധാനമന്ത്രി ശ്രീ സൂര്യബഹദൂർ താപ്പ പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രദർശനത്തിലൂടെ ഒരു മിത്രരാജ്യം കൈവരിച്ച പുരോഗതിയുടെ ദൃശ്യം കണ്ട് നേപ്പാളിലെ ജനങ്ങളും അഭിമാനംകൊള്ളുകയും പ്രചോദനം ഉൾക്കൊള്ളുകയും ചെയ്തുവെന്നതു് സ്വാഭാവികമത്രേ.

ജനുവരി 8-ാംനു- മഹേന്ദ്രരാജാവു് ഉൽഘാടനം ചെയ്ത 'ഭാരത് ദർശൻ' പ്രദർശനത്തിൻ സമാപനദിവസമായ ഫെബ്രുവരി 17-ാംനു- കാട്ടുമണ്ഡുവിലെ പ്രദർശനനഗറിൽ ചെന്ന് സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ചുകൊണ്ടു് പ്രസംഗിക്കുകയായിരുന്ന ശ്രീ താപ്പ ഉപപ്രധാനമന്ത്രി ശ്രീ കീർത്തിനിധിബിസ്ത്, വ്യവസായ-വാണിജ്യമന്ത്രി ശ്രീ വേദാനന്ദഝാ, ഇന്ത്യൻ വിദേശകാര്യവകുപ്പിലെ സഹമന്ത്രി ശ്രീമതി ലക്ഷ്മി എൻ. മേനോൻ എന്നിവരും, നിപ്പോണി എൻ. മേനോൻ എന്നിവരും, നിപ്പോണി ഇന്ത്യൻ സ്ഥാനപതി ശ്രീ ശ്രീമാനായണനും പ്രസ്തുത യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി.

പ്രദർശനവസ്തുക്കളും ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണബോധത്തിന്റെ പ്രതീകമാണെന്നു് ശ്രീ താപ്പ ചൂണ്ടി

പത്രങ്ങളോടു് ടോക്കൻസ്റ്റോക്കുകൾ നിയന്ത്രിക്കത്തക്കതല്ലെന്നു് ചെറുകിടപത്ര ധിപസംഘടന

(പി ടി ഐ) ന്യൂഡൽഹി, ഫെ 21

പത്രങ്ങളും മാർച്ചു് 3-ാംനു് ടോക്കൻ സ്റ്റോക്കുകൾ നടത്തണമെന്നുള്ളതുസംബന്ധിച്ചു് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ജേർണലിസ്റ്റ് അസോസിയേഷൻസിന്റെ ആഹ്വാനം ഇപ്പോഴത്തെ പ്രായോഗികതയിൽ നിയന്ത്രിക്കത്തക്കതല്ലെന്നു് അഖിലേന്ത്യാ ചെറുകിട-ഇടത്തരം പത്രങ്ങളുടെ പത്രാധിപസംഘടന അഭിപ്രായപ്പെട്ടിരിക്കുന്നു.

-0-

കെക്കോനൻ മടങ്ങി

(പി ടി ഐ) ബോംബെ, ഫെ. 21

ഇന്ത്യയിൽ 10 ദിവസത്തെ സന്ദർശനത്തിനുശേഷം ഫിൻലണ്ടു് പ്രസിഡണ്ടു് കെക്കോനൻ ഇന്നു് മടങ്ങി.

അദ്ദേഹത്തെ യാത്രഅയക്കുന്നതിനായി മഹാരാഷ്ട്രഗവർണ്ണർ ഡോ. പി. വി. ചെറിയാൻ ഉന്നതരാജസിവിക-സിവിൽ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ വിമാനത്താവളത്തിൽ വന്നിരുന്നു.

—

പാക്ക് സേന ലതിനില്ലക്ക് നേരെ വെടിവെച്ചു

(പി ടി ഐ)
കരിംഗഞ്ച്, (ആസ്സാം) ഫെ. 21

ആസ്സാം-കിഴക്കൻ പാക്കിസ്ഥാൻ അതിർത്തിയെ സംബന്ധിക്കുന്ന വെടിനിർത്തൽ കരാറിനെ ലംഘിച്ചുകൊണ്ടു് ലതിനില്ലക്ക് നേരെ പാക്ക് സേന മൂന്നു വട്ടം വെടിവെച്ചുവെന്നു് ഇവിടെ കിട്ടിയ റിപ്പോർട്ടുകളിൽ കാണുന്നു.

ഫെബ്രുവരി 10, 13, 16 എന്നീ തീയതികളിലാണു് പാക്ക് സേന നിറയൊഴിച്ചതു്. കരിംഗഞ്ചിലെ പോലീസ് ഉദ്യോഗസ്ഥൻ സ്ഥിതിഗതികൾ ചർച്ചചെയ്യുന്നതിനു് ലതിനില്ലയിലേക്കു് പോയിട്ടുണ്ടു്.

.....

ശിവരാത്രിക്കു് പോകുന്ന വർക്കുവിയ്പ്പിക്കണം

തിരുവനന്തപുരം, ഫെ 20

ഇക്കൊല്ലം ആലുവാ മഹാശിവരാത്രി ഉത്സവത്തിൽ പങ്കെടുക്കാൻ പോകുന്ന വർ കോളറാക്കതിരായി കുത്തിവയ്പ്പിക്കുന്നതു് നന്നായിരിക്കുമെന്നു് ഹെൽത്തു് സർവ്വീസസ് ഡയറക്ടർ അറിയിക്കുന്നു. മാച്ചു് 1-ാംനു-യാണു് ഈ വർഷം ശിവരാത്രി.

ഒറീസ്സയിലെ പുതിയ മന്ത്രിസഭ

(പി. ടി. ഐ) ഭുവനേശ്വർ ഫെ. 21

ഒറീസ്സയിലെ പുതിയമന്ത്രിസഭ വകുപ്പുകൾ വിഭജിച്ചിരിക്കുന്നു.

മുഖ്യമന്ത്രി സദാശിവത്രിപതിക്ക് ധനകാര്യം, വ്യവസായം, ജനസുരക്ഷണം, ഇലക്ട്രിസിറ്റി മുതലായവയും, ഹൈക്കൂട്ടി മുഖ്യമന്ത്രി നീലമണി ദണ്ഡിക്ക് രാജ്യീയം, സഖ്യീയകാര്യം അഭ്യന്തരം, സഭാകാര്യം, ലേബർ എന്നീ വകുപ്പുകളുമാണ് കിട്ടിയിരിക്കുന്നതു്.

സത്യപ്രീത മഹന്തി വിദ്യാഭ്യാസം, വൈദ്യുതി നായിക്ക് സാമൂഹ്യവികസനം, ബനമലി സാബു നിയമം, റവന്യൂ സാഃ മിശ്ര കൃഷി, ഇവരാണു് മന്ത്രിമാർ കൂടാതെ 7 ഡെപ്യൂട്ടി മന്ത്രിമാരും ഉണ്ടു്.

.....

പീക്കിങ്ങിനു് അവിടെയും പാക്കിസ്ഥാൻ കൊടിപിടിച്ചു

(റോയിട്ടർ) കറാച്ചി, ഫെ. 21

മാനിലയിൽ കൂടിക്കൊണ്ടിരിക്കുന്ന ഏഷ്യൻ വാണിജ്യ-വ്യവസായമണ്ഡല സമ്മേളനം ബഹിഷ്കരിക്കാൻ പാകിസ്ഥാൻ തീരുമാനിച്ചു. സമ്മേളനത്തിൽ പങ്കെടുക്കുന്ന പാക് പ്രതിനിധിയോടു് മടങ്ങിവരാൻ പാകിസ്ഥാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

ചൈനീസ് ജനകീയ റിപ്പബ്ലിക്കിനെതിരായി ഇവിടത്തെ ചൈനീസ് സ്ഥാനപതി അപവാദപ്രചരണം നടത്തിയതിൽ പ്രതിഷേധിച്ചുകൊണ്ടു് ശ്രമേളനത്തിൽ നിന്നു് പാക് പ്രതിനിധി ഇറങ്ങിപ്പോയി.

—

ഹിന്ദിക്കു് മാതൃകാപരി ഔദ്യോഗിക പ്രേരണ നൽകുന്നു

വേണമെങ്കിൽ സ്വയം വളർന്നു വികസിക്കട്ടെയെന്നു് പ്രൊ: മുണ്ടശ്ശേരി

തൃശ്ശൂർ, ഫെബ്രുവരി 21

ഹിന്ദിഭാഷയിലൂടെ ഇന്ത്യയുടെ ഐകൃം ഉദ്ഘോഷിപ്പെടുത്താമെന്നു് കരുതുന്നതു് ഒരു വലിയ വിഡ്ഢിത്തമാണെന്നു് ഒരു പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും എഴുത്തുകാരനും കേന്ദ്രസാഹിത്യ അക്കാദമി അംഗവുമായ പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരി പ്രസ്താവിച്ചിരിക്കുന്നു.

യഥാർത്ഥത്തിൽ ഇന്ത്യ ഒരു രാഷ്ട്രമല്ല; നേരെമറിച്ചു് പല ഉപരാഷ്ട്രങ്ങൾ ചേർന്നുള്ള ഒരു ഫെഡറേഷനാണ് എന്നദ്ദേഹം പറഞ്ഞു.

അദ്ദേഹം ഇങ്ങനെ തുടർന്നു:- യൂറോപ്പ് നമ്മുടെ എന്നുപറയുന്ന അത്ര അത്തിൽ ഇന്ത്യയും നമ്മുടെ. പക്ഷേ യൂറോപ്പുകാരൻ, എന്നെ നാം പറയുമ്പോലെ അത്രമാക്കുന്നതു്. യൂറോപ്പിലുള്ള ഏതെങ്കിലും ഒരു രാഷ്ട്രത്തിനെ ആളെടുത്താൽ, അതു് ഇന്ത്യയെ യൂറോപ്പിനെ മുഴുവൻ കൂടെ ഉൾക്കൊള്ളിച്ചു കൊണ്ടല്ല'.

ഇന്നു് ഹിന്ദിയുടെ പേരിൽ നടക്കുന്ന പ്രക്ഷോഭണത്തെ പരാമർശിച്ചു് ശ്രീ മുണ്ടശ്ശേരി പറഞ്ഞു: "ഭാഷയുടെ അടിസ്ഥാനത്തിൽ ദേശിയോൽഗ്രഥനം സാധ്യമാകുമെന്നുണ്ടെങ്കിൽ അതു് യൂറോപ്പിൽ നാം കാണുന്നതുപോലെയുള്ള ചെറിയചെറിയ രാഷ്ട്രങ്ങളിൽ മാത്രമായിരിക്കും. ഇന്ത്യക്ക് ഒരു പൊതുഭാഷ വളർത്തിക്കൊണ്ടുവരാൻ കഴിയുമെന്നുണ്ടെങ്കിൽ അതു നല്ലതു തന്നെയാണ് എന്നാൽ ഇംഗ്ലീഷിനെ ആ സ്ഥാനം നൽകുന്നതിൽ ഒരു തെറ്റുമില്ല."

ഒരു ഇന്ത്യൻ ഭാഷാതന്നെ ഇന്ത്യയുടെ പൊതുഭാഷയായിരിക്കണമെന്നു് നിർബ്ബന്ധമുണ്ടെങ്കിൽ ഹിന്ദിയോ മറ്റൊരു ഭാഷയോ സ്വതന്ത്രമായി വളർന്നു് ആസ്ഥാനം കാലക്രമത്തിൽ കരസ്ഥമാക്കുകയുമാണു് ശരിയായ മാർഗ്ഗം. അല്ലാതെ അതിനുവേണ്ടി ഔദ്യോഗികതലത്തിലുള്ള യാതൊരു സമ്മർദ്ദവും പെലുത്തിക്കൂടാ. ഔദ്യോഗികമായ പ്രേരണകൂടാതെ ഹിന്ദിയെ സ്വയം വളരുവാൻ വിടുകയാണെങ്കിൽ അതിന്റെ പ്രണേതാക്കളിൽ ഇന്നു കാണുന്ന അന്ധമായ ഭാഷാഭ്രാന്തും അതിനെ കൂടുതൽ കൂടുതൽ സംസ്കൃതീകരിക്കുവാനുള്ള വ്യഗ്രതയും കുറയുകയും അതിനപ്പുറമുള്ള ഭാഷകളെ കൂടുതൽ ഉൾക്കൊള്ളുവാനുള്ള മാനസികാവസ്ഥയുമുണ്ടാകുകയും ചെയ്യും. ഇന്ത്യയിലെ എല്ലാ ഭാഷകളെയും ഔദ്യോഗികഭാഷയായി പ്രയുഗിച്ചു് അവയുടെ വളർച്ചയും വികാസത്തിനും സഹായസഹകരണമാണ് ഔദ്യോഗികമായി ചെയ്യേണ്ടതു്.

കാലക്രമത്തിൽ എല്ലാ ഭാഷാ സംസ്കാരങ്ങളുടെയും അംഗീകാരത്തോടുകൂടി ഹിന്ദി പൊതു ഔദ്യോഗികഭാഷയായി അംഗീകരിക്കപ്പെട്ടാൽപോലും അതൊരിക്കലും പഠനത്തിനുള്ള മാധ്യമമായിക്കൂടാ എന്നും മുണ്ടശ്ശേരി പറഞ്ഞു. കാരണം വിദ്യാഭ്യാസം അവരവരുടെ മാതൃഭാഷയിൽതന്നെയായിരിക്കണം.

ഡൽഹിയിലെ സന്ദർശനത്തിനുള്ള നിർദ്ദേശങ്ങൾ കൂടി കൊച്ചിയിൽ ഒരു ആധുനിക വലനിർമ്മാണഫാക്ടറിയുടെ സ്ഥാപനമാണെന്നു് സമ്മേളനം കയറ്റുമതി കൗൺസിൽ ചെയർമാൻ എം. പി. അലക്സാണ്ടർ ഇന്നിവിടെ പ്രസ്താവിച്ചു.

അദ്ദേഹത്തിന്റെ ചൈനീസ് കയറ് മതിവലയിലുള്ള പ്രസ്താവിച്ചതു് ഒരു രാഷ്ട്രീയനേതാവിനു് ചേരുന്നതല്ലെന്നു് ഇവിടെ ചേർന്ന പൊതുയോഗത്തിൽ എറണാകുളം ബ്രഹ്മയുടെ ബിഷപ്പ് ഡോ. മോൺ. വടുതല തീരുമാനിച്ചതു്.

ജെ പി മല്ലൂരി ൻറെ അദ്ധ്യക്ഷപ്രസംഗത്തിൽ, ആഭ്യന്തരശുദ്ധിയുള്ള-സ്വഭാവമഹിമയുള്ള കുട്ടികളെ വാർത്തെടുക്കണമെന്നുള്ള ലക്ഷ്യത്തിൽ, മതാഭിലാളി ബാലസമാജം നാലുരൂപകൂടി ഇതിനകത്തന്ന വഹിച്ചിട്ടുണ്ടെന്നു് പ്രസ്താവിച്ചു. ശ്രീ ജെ പി മല്ലൂരയിരിക്കും ശാലയുടെ ഉപദേഷ്ടാവു്.

.....

അദ്ധ്യാപകയോഗം

തൃശ്ശൂർ ഫെ 21

തൃശ്ശൂർ സി എം എസ് ഹൈസ്കൂളിലെ ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ അദ്ധ്യാപകരുടെ ഒരു യോഗം 17-2-65 ബുധനാഴ്ച 4 മണിക്കശേഷം സ്കൂളിൽവെച്ചു ചേരുകയുണ്ടായി. ഒരു സമത്തിന്റെ തീരുമാനിക്കുന്നതിനും വിദ്യാലയാന്തരീക്ഷത്തെ രക്ഷിക്കുവാൻ അധികാരികൾക്കും അന്തിമനിർദ്ദിഷ്ടത്തിലെ കൂടിയും അദ്ധ്യാപകരുടെ ആവശ്യങ്ങളും അംഗീകരിച്ചുതന്നതിൽ ഗവ: നോടു യോഗം അനുമോദിച്ചു.

ക്രിസ്തുരാജദിനവും ഉദ്ഘ. എം. സി. എ. ലീഗ് വാർഷികവും

തൃശ്ശൂർ വ്യാകുല മാതാവിൻ പള്ളിയിൽ ആഘോഷിക്കപ്പെട്ടു

(സ്വ ലേ) തൃശ്ശൂർ, ഫെ 21

തൃശ്ശൂർ വ്യാകുലമാതാവിന്റെ പള്ളിയിലെ ക്രിസ്തുരാജദിനവും ഉദ്ഘ. എം. സി. എ ലീഗ് വാഷികവും ഇന്നത്തെ തിരക്കേറിയ ഭരണത്തിനിടയിൽ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയതിൽ ഇതാദ്യമായിരിക്കുമെന്നു് നിസ്സംശയം പറയാം. രാവിലെ 5-30നു് പള്ളിയങ്കണത്തിൽ എത്തിച്ചേർന്ന തൃശ്ശൂർ ബിഷപ്പ് ദൈവാഗ്നേ. ഡോ: ജോജോ ആലപ്പാട്ടു് തിരുമേനിയെ ലീഗ് അംഗങ്ങളും മറ്റും ചേർന്നു് സ്വീകരിച്ചു. രാവിലെ 5-45നു് തിരുമേനിക്കർബ്ബാനയർപ്പിച്ചു. 10-30നു 'ദിവ്യകാരുണ്യവും പുതിയ മനുഷ്യനും' എന്ന വിഷയത്തെപ്പറ്റി ചർച്ചാ ക്ലാസ്സേറ്റുകൾ നടത്തുകയുണ്ടായി. ഉച്ചതിരിഞ്ഞു് ചേർന്ന പൊതുയോഗത്തിൽ എറണാകുളം ബ്രഹ്മയുടെ ബിഷപ്പ്. വികാരി ജനറാൾ ദൈവാഗ്നേ. ഡോ. മോൺ. വട്ടോലി സ് കവലക്കാട്ടു് അദ്ധ്യക്ഷത വഹിക്കുകയും മലബാർ മെയിൽ എഡിറ്റർ റവ: ഫാ: തോമസ് മുഖവരിക്കൽ, പ്രൊവിഡന്റ് ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് ജോജോ വട്ടോലി സ് കണ്ണാത്തുപറമ്പിൽ എന്നിവർ പ്രസംഗിക്കുകയുണ്ടായി. യോഗാനന്തരം വി. കുർബ്ബാനയുടെ ആശീർവ്വാദവുംവത്തിക്കാൻ കൌൺസിൽ മൂന്നാം സമ്മേളനത്തിന്റെ ഒരു സിനിമാപ്രദർശനവും ഉണ്ടായിരുന്നു.

....

കുള്ളിപ്പണം കണ്ടെടുത്തു

ബാംഗ്ലൂർ ഫെ. 20

കണക്കിൽ പെടാത്ത പ്രചാരിക്കുന്ന പണം കണ്ടെടുക്കുന്നതിനുള്ള ശ്രമത്തിൽ ആദായനികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇവിടെ അനേകം ബ്രാഞ്ച് ബാങ്കുകളുടെയും ബ്രോക്കർമാരുടെയും ബിസിനസ്സ് സ്ഥാപനങ്ങളും വസതികളും പരിശോധിക്കുകയും കണക്കപുസ്തകങ്ങളും രേഖകളും കണ്ടെടുക്കുകയും ചെയ്തതായി അറിയുന്നു. ലക്ഷം ക. യുടെ കള്ളിപ്പണം ഈ അന്വേഷണങ്ങളുടെ ഫലമായി വെളിച്ചത്തുവന്നിട്ടുണ്ടെന്നു് പ്രാരംഭറിപ്പോർട്ടുകളിൽ കാണുന്നു.

....

കാർമ്മാക്കർ സമിതിയുടെ ശിപാർശകൾ സ്വീകരിച്ചു

ന്യൂഡൽഹി ഫെ. 20

ഡൽഹി അസ്സംകുടികളിലെ ഫോക്കർ മാത്രമടയും നഴ്സുമാരുടെയും മാറ്റ ജീവനക്കാരുടെയും ബത്തകളും മാറ്റ സൗകര്യങ്ങളും സംബന്ധിച്ചു് കാർമ്മാക്കർ സമിതിയുടെ ശിപാർശകളും ഇന്ത്യാഗവർമ്മെണ്ടു് ചില്ലറ ഭേദഗതികളോടെ സ്വീകരിച്ചിരിക്കുന്നു.

ജൂൺ 1965 ഒന്നാം തീയതി മുതൽ നിലവിൽവരുന്നതായ കണക്കാക്കുന്നതാണ്

....

അഭിനന്ദനം

തൃശ്ശൂർ സി എം എസ് ഹൈസ്കൂളിലെ ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ അദ്ധ്യാപകരുടെ ഒരു യോഗം 17-2-65 ബുധനാഴ്ച 4 മണിക്കശേഷം സ്കൂളിൽവെച്ചു ചേരുകയുണ്ടായി. ഒരു സമത്തിന്റെ തീരുമാനിക്കുന്നതിനും വിദ്യാലയാന്തരീക്ഷത്തെ രക്ഷിക്കുവാൻ അധികാരികൾക്കും അന്തിമനിർദ്ദിഷ്ടത്തിലെ കൂടിയും അദ്ധ്യാപകരുടെ ആവശ്യങ്ങളും അംഗീകരിച്ചുതന്നതിൽ ഗവ: നോടു യോഗം അനുമോദിച്ചു.

ഇന്ത്യൻ സേന ജനകീയസേനയാണ്

ദേശീയൈക്യത്തിന്റെ പ്രതീകമാണെന്നു് ചവാൻ

(പി ടി ഐ)
കോൺപൂർ, ഫെ. 21

വിദേശ ആക്രമണങ്ങളിൽ നിന്നു് സ്വാതന്ത്ര്യത്തെ സംരക്ഷിക്കണമെങ്കിൽ രാഷ്ട്രം സദാ ജാഗ്രതമായിരിക്കണമെന്നു പ്രതിരോധമന്ത്രി ചവാൻ ഇവിടെ പ്രസ്താവിച്ചു.

എൻ.സി.സി.യുടെ വിശിഷ്ടസേവനത്തിൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

അതിർത്തികളിൽ ശാന്തത കളിയാടുന്നുവെന്നു് തോന്നുന്നുണ്ടെങ്കിലും ജീവനിയുക്തമായ ഒരു കരിനിഴലുകൊണ്ടു നിലനിൽക്കുന്നുണ്ടു്. ഇന്ത്യയുടെ പ്രതിരോധസേനകൾ ദേശീയൈക്യത്തിന്റെ ഒരു പ്രതീകമാണു്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നവർ, വിവിധ ഭാഷകൾ സംസാരിക്കുന്നവർ വിവിധ ജീവിതരീതികൾ ഉള്ളവർ പ്രതിരോധസേനകളിൽ ഒന്നിച്ചുകഴിയുന്നു. ഇന്ത്യൻ സായുധസേനയുടെ ഒരു പ്രത്യേകത അതു് ജനങ്ങളുടെ സേനയാണെന്നുള്ളതാണു്. ജനകീയ ലക്ഷ്യങ്ങളും, അഭിലാഷങ്ങളുമായി അതിനു് അവിഭാജ്യബന്ധമുണ്ടു്.

ചൈനീസ് ആക്രമണത്തിനുശേഷം ജനങ്ങൾ സ്വമേധയാ സൈന്യത്തിൽ ചേർന്നു. ഇതുകൊണ്ടുതന്നെ സായുധസേനകളിൽ ഒരു നിർബ്ബന്ധവും ഉണ്ടായിരുന്നില്ല. എൻ.സി.സി.യുടെ സംഘടനയെക്കുറിച്ചു് അദ്ദേഹം പറഞ്ഞു. 'മനസ്സിന്റെ ഐക്യം' എന്ന ആപ്തവാക്യത്തിൽ അധിഷ്ഠിതമായി ഒ

ലണ്ടനിലെ ഗാന്ധി സ്മാരകം

ലണ്ടൻ, ഫെബ്രുവരി 20

ഇംഗ്ലീഷ് ശില്പിയായ് തയ്യാറാക്കിയ മഹാത്മാഗാന്ധിയുടെ ഒരു വെങ്കലപ്രതിമ ഇവ വർഷാവസാനത്തോടുകൂടി ലണ്ടനിലെ താവിസ്റ്റോക്ക് സ്ക്വയറിൽ അനാച്ഛാദനം ചെയ്യപ്പെടും. ഇവ സ്മാരകത്തിന്റെ സ്ഥാപനത്തിനാവശ്യമായ 8000 പൗണ്ട് പിരിച്ചെടുക്കാൻ താമസിയാതെ ഒരഭ്യർത്ഥന പുറപ്പെടുവിക്കുന്നതാണ്.

മഹാത്മാഗാന്ധി സ്മാരകനിധിക്കമ്മറ്റിയുടെ അധ്യക്ഷനായ ലോർഡ് സോൺസൺ (റവ. ഠജിന്നാം സോൺസൺ എന്നാണ് ഇദ്ദേഹം കൂടുതൽ അറിയപ്പെടുന്നത്) ഇന്നലെ ലണ്ടനിൽ ഇവ വിവരം രഹസ്യപ്പെടുത്തിയത്. അനാച്ഛാദനകർമ്മത്തിനു് ഇന്ത്യയിലെ പ്രമുഖ വ്യക്തികളിലാരെയെങ്കിലും കിട്ടുമെന്നാണ് തന്റെ പ്രതീക്ഷയെന്ന് അദ്ദേഹം പറഞ്ഞു.

മഹാത്മജിയുടെ ധ്യാനനിരതമായ ഇരുപ്പാണ് നിർമ്മാണത്തിനു് മാതൃകയായിട്ടുള്ളത്. ഇവ മിസ് ബ്രിലുൻറിന്റെ ഉത്തമസൃഷ്ടികളിലൊന്നായിരിക്കുമെന്നതിനാണ്ടാ സംശയമില്ല. ആളിന്റെ യഥാർത്ഥ വലുപ്പത്തേക്കാൾ കുറച്ചു കൂടുതലായിരിക്കും പ്രതിമയുടെ മാതൃക. ശ്രീമതി